# CAREER Updates

# പത്രവൃത്താന്തം

**09.09.2024 (തിങ്കൾ)**




- ⇨ 2024-ലെ പാരീസ് പാരാലിമ്പിക്സ് മെഡൽപ്പട്ടികയിൽ ഇന്ത്യയുടെ സ്ഥാനം
- ✔ 18
- 7 സ്വർണ്ണവും 9 വെള്ളിയും 13 വെങ്കലവുമുൾപ്പെടെ ആകെ 29 മെഡലുകളാണ് 2024-ലെ പാരീസ് പാരാലിമ്പിക്സിൽ ഇന്ത്യ സ്വന്തമാക്കിയത്. അത്‌ലറ്റിക്സിൽ നിന്ന് മാത്രമായി 17 മെഡലുകളാണ് ഇന്ത്യ നേടിയത്. 2020-ലെ ടോക്കിയോ പാരാലിമ്പിക്സിൽ നേടിയ 19 മെഡലുകളുടെ റെക്കോഡാണ് ഇത്തവണ ഇന്ത്യ മറികടന്നത്.
- 94 സ്വർണ്ണവുമായി ആകെ 220 മെഡലുകൾ നേടിയ ചൈനയാണ് മെഡൽപ്പട്ടികയിൽ ഒന്നാം സ്ഥാനത്ത്. 49 സ്വർണ്ണമുൾപ്പെടെ 124 മെഡലുകളുമായി ബ്രിട്ടൺ രണ്ടാം സ്ഥാനം നേടി.

CAREER GUIDANCE BUREAU

- ⇨ 2024 സെപ്തംബറിൽ ഒളിമ്പിക് കൗൺസിൽ ഓഫ് ഏഷ്യയുടെ (ഒ.സി.എ.) പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടത്
- ✔ രൺധീർ സിങ്
- ഈ പദവിയിലെത്തുന്ന ആദ്യ ഇന്ത്യക്കാരനാണ് ഇദ്ദേഹം.
- ⇨ 2024 സെപ്തംബറിൽ രാജ്യാന്തര ക്രിക്കറ്റിൽ നിന്നും വിരമിക്കൽ പ്രഖ്യാപിച്ച ഇംഗ്ലണ്ടിന്റെ താരം
- ✔ മോയിൻ അലി
- ⇨ 2024 സെപ്തംബറിൽ ദീർഘദൂര കുതിരയോട്ടത്തിലെ രാജ്യാന്തര ചാമ്പ്യൻഷിപ്പിൽ റെക്കോഡ് നേടിയ മലയാളി
- ✔ നിദ അൻജും ചേലാട്ട്
- ഇന്റർനാഷണൽ ഫെഡറേഷൻ ഓഫ് ഇക്വസ്ട്രിയൻ സ്പോർട്സ് സംഘടിപ്പിച്ച ഇക്വസ്ട്രിയൻ വേൾഡ് എൻഡ്യുറൻസ് ചാമ്പ്യൻഷിപ്പിൽ സീനിയർ വിഭാഗത്തിൽ മത്സരം വിജയകരമായി പൂർത്തിയാക്കുന്ന ഏറ്റവും പ്രായം കുറഞ്ഞ താരം എന്ന റെക്കോഡാണ് ഇരുപത്തിരണ്ടുകാരിയായ നിദ സ്വന്തമാക്കിയത്.
- ⇨ സൈബറിടങ്ങളിൽ സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള ഭീഷണിയും അതിക്രമങ്ങളും നേരിടുന്നതിൽ മികവ് പുലർത്തിയതിനുള്ള കേന്ദ്ര ആഭ്യന്തര വകുപ്പിന്റെ പുരസ്കാരത്തിനർഹമായ സംസ്ഥാനം
- ✔ കേരളം
- ⇨ 2024 സെപ്തംബറിൽ ജലസംരക്ഷണ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി ജൽ സഞ്ചയ് ജൻ ഭാഗീദാരി എന്ന പേരിൽ പുതിയ പദ്ധതി ഉദ്ഘാടനം ചെയ്യപ്പെട്ടതേത് സംസ്ഥാനത്താണ്?
- ✔ ഗുജറാത്ത്
- ⇨ ഇന്ത്യയിലെ ആദ്യ സിലിക്കൺ കാർബൈഡ് നിർമ്മാണകേന്ദ്രം നിലവിൽ വരുന്ന സംസ്ഥാനം
- ✔ ഒഡീഷ
- ⇨ 2024 സെപ്തംബറിൽ അണ്ടർ-20 ലോക ഗുസ്തി ചാമ്പ്യൻഷിപ്പിൽ വനിതകളുടെ 76 കിലോഗ്രാം ഫ്രീസ്റ്റൈൽ വിഭാഗത്തിൽ സ്വർണ്ണം നേടിയ ഇന്ത്യൻ താരം
- ✔ ജ്യോതി ബെർവാൾ

**കരിയർ ഗൈഡൻസ് ബ്യൂറോ**

ആറ്റിങ്ങൽ & തമ്പാനൂർ ✆ 8590 333 999